

# ഗാഗുൽത്തായുടെ ഗദ്ഗദങ്ങൾ

(വിശ്വാസികൾ നോമ്പ് അനുഷ്ഠിക്കുന്ന ഈ പുണ്യ മാസത്തിൽ അവരുടെ ചിന്തകൾക്കായി)

ജോസ് ചെരിപുറം
josecheripuram@gmail.com

ആരാണു് ഞാനെന്നറിയാതെയെന്നെ
ത്തിരയുന്ന മാനവലോകമേ, കേൾക്കുക
എന്റെ വചനങ്ങൾ നിത്യവ്രുത്തിക്കായ്
തെറ്റിവ്യാഖ്യാനിച്ചു പാപികളാകല്ലേ.

അഞ്ചു മുറിവുകളേൽപ്പിച്ചു നിർദ്ദയം
എന്നെ വധിക്കാൻ ശ്രമിച്ചവർ പൂർവ്വികർ
നിങ്ങളോ നിത്യവും വെട്ടിനുറുക്കുന്നു
എന്റെ മനസ്സും തനുവും കഠിനമായ്

ഞാനൊരു ജാതിയെ സ്രുഷ്ടിച്ചിടാനായി
ജന്മമെടുത്തില്ല, കേൾക്കുക മർത്ത്യരേ,
ദൈവം നിനച്ച്, ഞാൻ കന്യാമറിയത്തിൽ
ഉണ്ണിയായീഭൂവിൽ വന്നു പിറന്നുപോയ്

പാപവിമോചനം തേടുന്ന മാനവ–
രാശിക്ക് നന്മയും ശാന്തിയും നൽകുവാൻ
മാർഗ്ഗനിർദ്ദേശം കൊടുത്ത് ഞാനേവരേം
ദൈവ വഴിയിലേക്കാനയിച്ചീടുവാൻ.

അവിടെയവർക്കായി നന്മതൻ തോരണം
തൂക്കിയ വീഥികൾ കാട്ടിക്കൊടുക്കുവാൻ
ഇല്ല, ഞാനില്ല പറഞ്ഞില്ലൊരിക്കലും
പ്രത്യേകമായൊരു ജാതിയുണ്ടാക്കുവാൻ

ഏതോ കുബുദ്ധികൾ, സാത്താന്റെ ശക്തിയാൽ

എന്നിൽനിന്നെന്നുമകന്നുപോകുന്നവർ
ഇല്ലാവചനങ്ങൾ കൽപിച്ചുകൂട്ടുന്നു
അല്ലേൽ വിധിക്കുന്നു സ്ത്രീക്ക് നിയമങ്ങൾ

തെറ്റിപ്പിരിച്ചിട്ടീയാട്ടിൻ കിടാങ്ങളെ
എങ്ങോട്ടു നിങ്ങൾ നയിക്കുന്നിടയരേ?
വേഷങ്ങൾ കെട്ടേണ്ട കാര്യമില്ല–ന്യരെ
കുറ്റപ്പെടുത്തേണ്ട, ദൈവം പ്രസാദിക്കാൻ

വായിക്കുക, നിങ്ങൾ പാലിക്കുക , എന്റെ
വാക്കുകൾ, തെറ്റുകൾ കൂടാതെ, മുട്ടാതെ
മുക്കിനും മൂലയ്ക്കും കാണുന്നനേകമാം
ഇടയരേ, നിങ്ങളിക്കാര്യം ശ്രവിക്കുവിൻ

അത്യുന്നതങ്ങളിൽ വാണീടുമീശ്വരൻ
നോക്കുന്നു മർത്ത്യനെ, ഉൽക്രുഷ്ടസ്രുഷ്ടിയെ
അവനോ നിരന്തരം പണിയുന്നു പള്ളികൾ,
കൂണു മുളച്ചപോലേറുന്നു ഭൂമിയിൽ

ഞാനോ പറയുന്നു, ശ്രദ്ധിച്ചു കേൾക്കുവിൻ
നല്ലവരാകുക, നന്മ ലഭിക്കുവാൻ
ഞാൻ തന്നെ ആദിയുമന്തവുമാകയാൽ രക്ഷ നേടും
വിശ്വാസമെന്നിൽ പുലർത്തുന്ന മാനവൻ

********